2002-2003-ലെ റവന്യൂ വരവും ചെലവും

7 (4045). ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003-ൽ സംസ്ഥാനത്ത് പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയായിരുന്നു. യഥാർത്ഥത്തിൽ 2003 മാർച്ച് 31 വരെ ഈ ഇനത്തിൽ ലഭിച്ച തുക എത്രയാണ് ; കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തു തുക ലഭിച്ചു ;

(ബി) പ്രതീക്ഷിച്ച റവന്യൂ വരുമാനം ലഭിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ ;

(സി) 2002-2003-ലെ റവന്യൂ ചെലവ് എത്രയാണ് ; പ്രതീക്ഷിച്ചിരുന്ന ചെലവ് എത്രയാണ് ;

(ഡി) റവന്യൂ ചെലവ് വർദ്ധിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പ്രതീക്ഷിച്ച റവന്യൂ വരുമാനം 1,1451.33 (പുതുക്കിയ എസ്റ്റിമേറ്റ്) കോടി രൂപയായിരുന്നു. 2003 മാർച്ച് മാസം വരെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 10,306.07 കോടി രൂപയായിരുന്നു റവന്യൂ വരുമാനം. കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ 9,056.39 കോടി രൂപയാണ് ലഭിച്ചത്.

(ബി) നികുതിയേതര വരുമാനത്തിൽ ഫീസ്, സർവ്വീസ് ചാർജ് തുടങ്ങിയ ഇനങ്ങളിൽ പ്രതീക്ഷിച്ച തോതിൽവരവ് ലഭിക്കാത്തതും കേന്ദ്ര സഹായത്തിലെ കുറവും റവന്യൂ വരുമാനം കുറയാനുള്ള കാരണങ്ങളാണ്.

(സി) 2002-2003-ലെ റവന്യൂ ചെലവ് അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 13964.42 കോടി രൂപയായിരുന്നു. പ്രതീക്ഷിച്ചിരുന്ന ചെലവ് 13,350.00 (പുതുക്കിയ എസ്റ്റിമേറ്റ്) കോടി രൂപയായിരുന്നു.

(ഡി) ഭരണച്ചെലവുകളിലെ വർദ്ധനവ്, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ഡി.എ./ഡി. ആർ. കുടിശ്ശിക, കുടിശ്ശികയായ ക്ഷേമ പെൻഷനുകളുടെ വിതരണം കരാറുകാർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുകകളുടെ വിതരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധിക വിഹിതം തുടങ്ങിയ കാരണങ്ങളാൽ റവന്യൂ ചെലവ് വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly